**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3546** **26-10-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലകളുടെ എൻ.ഐ.ആർ.എഫ്. റാങ്കിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിം വർക്കിന്റെ സർവ്വകലാശാലകളുടെ റാങ്കിംഗിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ റാങ്കുകളുടെ ക്രമം എപ്രകാരമാണെന്ന് അറിയിക്കുമോ; സംസ്ഥാനത്തെ സർവ്വകലാശാലകൾ മികച്ച റാങ്കിംഗ് കരസ്ഥമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് റാങ്കിംഗ് ഫ്രെയിം വർക്കിന്റെ സർവ്വകലാശാലകളുടെ 2021-ലെ റാങ്കിംഗിൽ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ റാങ്കുകളുടെ ക്രമം ചുവടെ ചേർത്തിരിക്കുന്നു. 1. കേരള സർവ്വകലാശാല - 27 2. മഹാത്മാഗാന്ധി സർവ്വകലാശാല - 31 3. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജി - 44 4. കാലിക്കറ്റ് സർവ്വകലാശാല - 60 5. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് - 26 (നിയമവിഭാഗത്തിൽ) 6. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 150-200 റാങ്ക് ബാന്റിൽ ഉൾപ്പെട്ടിട്ടുണ്ട്. എൻ.ഐ.ആർ.എഫ് റാങ്കിംഗ് 2021-ൽ സംസ്ഥാനത്തെ സർവ്വകലാശാലകൾ മികവ് നിലനിർത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദേശ വിദ്യാർത്ഥികളുടെ എണ്ണം സർവ്വകലാശാലകൾ തിരിച്ച് ലഭ്യമാക്കുമോ; ഇതര സംസ്ഥാന വിദ്യാർത്ഥികളുടെ എണ്ണം അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പഠിക്കുന്ന വിദേശ വിദ്യാർത്ഥികളുടെയും ഇതര സംസ്ഥാന വിദ്യാർത്ഥികളുടെയും എണ്ണം പട്ടിക രൂപത്തിൽ അനുബന്ധ മായി ചേർത്തിരിക്കുന്നു. |
| (സി) | ഉന്നതനിലവാരത്തിലുള്ള അധ്യാപനവും ഗവേഷണവും ഉറപ്പുവരുത്തുന്ന അന്തർദേശീയ നിലവാരമുള്ള സർവ്വകലാശാലകളായി നമ്മുടെ സർവ്വകലാശാലകളെ മാറ്റുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഗൗരവമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? വ്യക്തമാക്കാമോ? | (സി) | വിജ്ഞാന സമ്പദ്ഘടനയിലേക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തിനനുസൃതമായി ഉന്നത, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള താഴെപ്പറയുന്ന സുപ്രധാന നിർദ്ദേശങ്ങൾ 2021-22 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. 1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3-5 ലക്ഷം പേർക്ക് കൂടി പഠന സൗകര്യങ്ങൾ 2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം 3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ. 4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോ ഷിപ്പുകൾ. മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് |

| | | | |
|---|---|---|---|
| | | | ഡോക്ടറൽ ഫെലോഷിപ്പ് പ്രതിമാസം 1 ലക്ഷം രൂപ വരെ. 5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം 6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | സർവ്വകലാശാലയുടെ പേര് | വിദേശ വിദ്യാർത്ഥികൾ | ഇതര സംസ്ഥാന വിദ്യാർത്ഥികൾ |
|---|---|---|---|
| 1. | കേരള സർവ്വകലാശാല | 88 | 25 |
| 2. | മഹാത്മാഗാന്ധി സർവ്വകലാശാല | 34 (2019-20)<br>40 (2020-21) | 372 |
| 3. | കണ്ണൂർ സർവ്വകലാശാല | 3 | ക്രോഡീകരിച്ചിട്ടില്ല |
| 4. | കാലിക്കറ്റ് സർവ്വകലാശാല | 27 (2019-20)<br>34 (2020-21) | 5 |
| 5. | കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി | 39 | 808 |
| 6. | നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് | 1 | 182 |
| 7. | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | - | 8 |

സെക്ഷൻ ഓഫീസർ